# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2591

12.03.2018-ൽ മറുപടിക്ക്

### നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസ്

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി) |
|---|---|
| എ) ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ജ്വലിക്കുന്ന സ്മാരകമായി നിലനിർത്തേണ്ടുന്ന നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം പൊളിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | എ) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ, രജിസ്ട്രേഷൻ വകുപ്പിന്റെ കെട്ടിട നിർമ്മാണത്തിന് 100 കോടി രൂപ വകയിരുത്തിക്കൊണ്ട്, കാലപ്പഴക്കം കാരണം നശിച്ചു കൊണ്ടിരിക്കുന്നതും സ്ഥലപരിമിതി കൊണ്ട് ഓഫീസ് പ്രവർത്തനത്തിനു ബുദ്ധിമുട്ട് അനുഭവിക്കുന്നതുമായ രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളവയിൽ നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസും ഉൾപ്പെട്ടിട്ടുണ്ട്. നിലവിലെ കെട്ടിടം പൊളിച്ച് ആ സ്ഥലവും കൂടി ഉപയോഗപ്പെടുത്തിയാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. |
| ബി) ഇപ്പോൾ നിലവിലുള്ള കെട്ടിടം സ്വാതന്ത്ര്യസമര ചരിത്രത്തിലെ ക്വിറ്റ് ഇന്ത്യ സമര സ്മാരകമായി നില നിർത്താനും സംരക്ഷിക്കുവാനും തയ്യാറാവുമോ; | ബി) നിലവിലുള്ള പഴയകെട്ടിടം സ്വാതന്ത്ര്യ സമരസ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ഒന്നും നിലവിലില്ല. |
| സി) നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റാതെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാവുമോ എന്ന് വ്യക്തമാക്കാമോ? | സി) നിലവിലെ കെട്ടിടം പൊളിച്ച് മാറ്റി മാത്രമേ സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ